**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 200** **06-10-2025 - ൽ മറുപടിയ്ക്ക്**

**അനധികൃത ക്വാറികളുടെ പ്രവർത്തനം നിരീക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മൈനിംഗ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളും, 12/04/2023 തീയതിയിലെ സ.ഉ.(കൈ) 29/2023/വ്യവ നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ 14 ജില്ലാ സ്ക്വാഡുകളും ക്വാറികളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ക്വാറികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും അനധികൃത ഖനനത്തിന് നടപടി സ്വീകരിക്കുന്നതിനുമായി കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ അടിസ്ഥാനമാക്കിയുള്ള വിജ്ഞാപനത്തിലൂടെ റവന്യൂ, പോലീസ് വകുപ്പിലെ ബന്ധപ്പെട്ട അധികാരികളെയും സർക്കാർ അധികാരപ്പെടുത്തിയിട്ടുണ്ട്. ഒപ്പം പൊല്യൂഷൻ കൺട്രോൾ ബോർഡ്, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പെട്രോളിയം ആൻഡ് എക്സ്പ്ലോസിവ്സ് സേഫ്റ്റി ഓർഗനൈസേഷൻ, ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻസ് സേഫ്റ്റി എന്നീ സ്ഥാപനങ്ങളും ക്വാറികളിൽ പരിശോധന നടത്താറുണ്ട്. വകുപ്പിന്റെ ഇ-ഗവേണൻസ് സംരംഭമായ കേരള ഓൺലൈൻ മൈനിങ് പെർമിറ്റ് അവാർഡിങ് സർവീസസ് (KOMPAS) മുഖേന ധാതു ഗതാഗതം ചെയ്യുന്നതിന് ഇ - പാസ് അനുവദിക്കുകയും ആയതു നിരീക്ഷിച്ചു വരുന്നതുമാകുന്നു. കൂടാതെ ഇത്തരത്തിലുള്ള പ്രവർത്തികൾ കണ്ടെത്തുന്നതിന് ഡ്രോൺ സംവിധാനം പ്രയോജനപ്പെടുത്തുന്നതിന് വേണ്ട നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പിന്റെ ഭാഗത്ത് നിന്നും സ്വീകരിച്ചിട്ടുള്ളതാണ്. |
| (ബി) | റവന്യൂ പുറംപോക്കുകളിൽ അനധികൃത പാറ ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ പുറമ്പോക്കിൽ അനധികൃത ഖനനം നടക്കുന്നതായി |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; | | ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ആയവ തുടർ നടപടികൾക്കായി റവന്യൂ വകുപ്പിന് അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി കേരള ലാൻഡ് കൺസേർവൻസി ആക്ട് പ്രകാരമുള്ള ലാൻഡ് കൺസേർവൻസി കേസ് എടുക്കുന്നതിന് കൈമാറി വരുന്നു. വിശദാംശങ്ങൾ ലഭിക്കാത്ത പക്ഷം വേണ്ട അന്വേഷണങ്ങൾ നടത്തുന്നതിന് റവന്യൂ, പോലീസ് വകുപ്പിന് രേഖാമൂലം അറിയിപ്പും നൽകാറുണ്ട്. ഇത് കൂടാതെ അനധികൃത ഖനനം നടത്തുന്നവർക്കെതിരെ കെ.എം.എം.സി ചട്ടപ്രകാരവും നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | ക്വാറിയിങ്ങിലെ നിയമ വിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് ഓരോ ജില്ലയിലും പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | അനധികൃത ധാതു ഖനന, ഗതാഗത പ്രവർത്തനങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വികരിക്കുന്നതിലേക്ക് മൈനിംഗ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വികരിച്ച് വരുന്നു. പോലീസ്, റവന്യൂ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്, ലീഗൽ മെട്രോളജി, മൈനിങ് ആൻഡ് ജിയോളജി വകുപ്പ് എന്നിവരുടെ സംയുക്ത പരിശോധനകൾ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ആവശ്യാനുസരണം നടത്തി വരുന്നുണ്ട്. മാത്രമല്ല തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 09/10/2024 തീയതിയിലെ G.O.(Rt) No.1880/2024/LSGD ഉത്തരവ് പ്രകാരം ജില്ലാ തലത്തിലും, ഡിവിഷണൽ തലത്തിലും വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ ഏകോപനം സംസ്ഥാനതലത്തിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി നടത്തിവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ